കെ.എൽ.ഡി. ആൻറ് എം.എം. ബോർഡിലെ തൊഴിലാളികൾ

*252 [267] ശ്രീ. സി.എ. കുര്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.എം.എം. ബോർഡിലെ തൊഴിലാളികൾ ശമ്പള പരിഷ്കരണമുൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ചിരുന്നോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു;

(സി) ബോർഡിലെ ജീവനക്കാരുടെ ഇപ്പോഴത്തെ ഏറ്റവും കുറഞ്ഞ ശമ്പളം എത്രയാണ്;

(ഡി) ഏറ്റവും കൂടിയ പ്രതിമാസ ശമ്പളം എത്രയാണ്?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) ഉന്നയിച്ചിരുന്നു.

(ബി) കെ.എൽ.ഡി.എം.എം. ബോർഡിലെ തൊഴിലാളികൾ ഉന്നയിച്ചിരിക്കുന്ന ശമ്പളപരിഷ്കരണമുൾപ്പെടെയുള്ള ആവശ്യങ്ങൾ ബോർഡിൻെറ പരിഗണനയിലിരിക്കുകയാണ്. ശമ്പളപരിഷ്കരണം നടപ്പിൽവരുമ്പോൾ ആ പരിഷ്കാരങ്ങളിൽ തട്ടികിഴിക്കണമെന്ന ഉറപ്പിൻമേൽ ഒരാൾക്ക് 50 രൂപാ വീതം മുൻകൂറായി 1-7-1978 മുതൽ കൊടുത്തുവരുന്നുണ്ട്.

(സി) 283 രൂപ (233+50).

(ഡി) 2263 രൂപ.

അശോക്മേത്താ കമ്മിറ്റി റിപ്പോർട്ട്

*253 [268] ശ്രീ. സിദ്ധാർത്ഥൻ കാട്ടുങ്ങൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തിരഞ്ഞെടുപ്പുകളുടെ ചുമതല തിരഞ്ഞെടുപ്പ് കമ്മീഷൻ വഹിക്കേണ്ടതാണെന്നുള്ള അശോക്മേത്താ കമ്മിറ്റി റിപ്പോർട്ട് ഈ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) തിരഞ്ഞെടുപ്പ് കമ്മീഷൻ ഈ കാര്യം ഏറ്റെടുക്കുവാൻ തയ്യാറാണെന്നുള്ള റിപ്പോർട്ട് ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഈ കാര്യങ്ങളിൽ ഈ ഗവൺമെൻറിൻെറ അഭിപ്രായം എന്താണ്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദു കോയ):

(എ) പഞ്ചായത്ത്, മുനിസിപ്പൽ, കോർപ്പറേഷൻ തിരഞ്ഞെടുപ്പുകളുടെ ചുമതല തിരഞ്ഞെടുപ്പു കമ്മീഷൻ വഹിക്കേണ്ടതാണെന്ന് അശോക്മേത്താ കമ്മിറ്റി റിപ്പോർട്ടു ചെയ്തിട്ടില്ല.

പഞ്ചായത്ത് രാജ് സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് ഇലക്ഷൻ കമ്മീഷനുമായി ആലോചിച്ചു സ്റ്റേറ്റ് ഇലക്ഷൻ ആഫീസർ നടത്തണമെന്നാണ് റിപ്പോർട്ടിൽ നിർദ്ദേശിച്ചിട്ടുള്ളത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly